LIBRARY ARCHIVES Kerala Legislative Assembly

ധനസഹായം ലാപ്സാകുന്നത് തടയാൻ നടപടി

2 [2466] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുക ലാപ്സാകുന്ന പ്രവണത വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 2004-05 വർഷത്തിൽ എത്ര തുക ലാപ്സായിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിൽ ലഭിച്ച ധനസഹായമാണ് ലാപ്സായതെന്നും വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽ തുക ലാപ്സാകുന്ന പ്രവണത തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) സാമ്പത്തിക വർഷം അവസാനിച്ചിട്ടില്ലാത്തതിനാൽ ലാപ്സായ തുക എത്രയുണ്ടെന്ന് പറയുവാൻ സാധിക്കുകയില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം

3 [2467] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 ഫെബ്രുവരി 28-ന് അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ കേരളത്തിന് പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണ്;

(ബി) 2005-06 വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തിൽ അനുവദിച്ച നികുതിയുടെ വിഹിതം എത്രയാണ്;

(സി) പ്രസ്തുത വിഹിതം തനതു വർഷത്തെക്കാൾ കൂടുതലാണോ;

(ഡി) എങ്കിൽ വ്യതിയാനം എത്രയെന്ന് അറിയിക്കാമോ;

(ഇ) സാമൂഹിക-വിദ്യാഭ്യാസ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾമൂലം കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട നികുതി വരുമാനം കുറയുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട കേന്ദ്രനികുതിയുടെ വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർനിർണ്ണയിച്ചത് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് അനുസൃത മായല്ല. സംസ്കരിച്ച ഭക്ഷ്യഎണ്ണയുടെ എക്സൈസ് തീരുവ കുറച്ചത് സംസ്ഥാന ത്തിന്റെ നാളികേര മേഖലയെ പ്രതികൂലമായി ബാധിക്കാനുള്ള സാദ്ധ്യതയുണ്ട്.

(ബി) 2005-06 വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തിനായി നീക്കിവച്ചി രിക്കുന്ന നികുതിയുടെ വിഹിതം 2532.51 കോടി രൂപയാണ്.

(സി) കൂടുതലാണ്.

(ഡി) 2004-05-ലെ പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുമ്പോൾ 2005-06 വർഷത്തെ കേരളത്തിനുള്ള കേന്ദ്ര നികുതി വിഹിതം നടപ്പു വർഷത്തേതിനേക്കാൾ 129 കോടി രൂപയോളം അധികമായിരിക്കും.

(ഇ) കേന്ദ്രനികുതി വിഹിതം നിർണ്ണയിക്കുന്ന കാര്യത്തിൽ പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ സ്വീകരിച്ച മാനദണ്ഡങ്ങൾ, സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് അനുകൂലമായവയല്ല എന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ക്കഴിഞ്ഞിട്ടുള്ളതാണ്.

2005-06-ലെ കേന്ദ്ര ബഡ്ജറ്റ്

4 [2468] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ധനകാര്യമന്ത്രി പാർലമെന്റിൽ അവതരിപ്പിച്ച 2005-06 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ കേരളത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾ പരിഗണിക്കപ്പെട്ടിട്ടുള്ളതായി കരുതുന്നുണ്ടോ;

(ബി) എങ്കിൽ ബഡ്ജറ്റിലെ ഏതെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് അനുഗുണമായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തിന്റെ താല്പര്യത്തിന് ഹാനികരമായിട്ടുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടുള്ളതായി കരുതുന്നുണ്ടോ; എങ്കിൽ അവയെക്കുറിച്ചും എത് നിലയിലാണ് ഹാനികരമാവുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾ പൂർണ്ണമായി പരിഗണിക്കപ്പെട്ടു എന്ന് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly